നെല്ലിന്റെ തറവില

*147 [158] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ തറവില ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തറവില ഉയർത്തണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): (എ, ബി) നെല്ലിന് തറവില ഇല്ല. എന്നാൽ താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. അതുയർത്തണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അക്കാര്യം പരിഗണിച്ചുവരികയുമാണ്.

ശ്രീ. കെ. ജെ. ചാക്കോ: കഴിഞ്ഞകൊല്ലം നിശ്ചയിച്ച 120 രൂപ അനുസരിച്ച് ഏകദേശം നാലായിരം ടൺ നെല്ല് മാത്രമെ കേരളത്തിൽ എമ്പാടും നിന്ന് കിട്ടാൻ ഇടയായിട്ടുള്ളു എന്നുള്ളതു കണക്കിലെടുക്കുമ്പോൾ കൃഷിക്കാർക്ക് യാതൊരുവിധത്തിലും പ്രയോജനം കിട്ടാൻ ഇടയായിട്ടില്ല താങ്ങുവില നിശ്ചയിച്ചത് എന്നു ബോദ്ധ്യമാകും. അതു കണക്കിലെടുത്ത് ഈ കൃഷിക്കുതന്നെ ഉൽപ്പാദനചെലവിനനുസൃതമായി താങ്ങുവില കൂട്ടും എന്ന പ്രഖ്യാപനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: താങ്ങുവില കൂട്ടുന്നകാര്യം പരിഗണിച്ചുവരികയാണ്.

ശ്രീ. ഇ. പി. ഗോപാലൻ; ഇരുപ്പൂ വിള കൊയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ താങ്ങുവില വർദ്ധിപ്പിക്കുവാനുള്ള ആലോചന എന്നുള്ളതു നിറുത്തിയിട്ട് വില ഒന്ന് പ്രഖ്യാപിക്കുകയും, കൂടുതൽ അളവ് നെല്ല് എടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്ക് എന്താണ് താമസം? ഉടനെ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: അധികം താമസിയാതെ വേണ്ട നടപടി സ്വീകരിക്കുന്നതിനെപ്പറ്റി തീരുമാനമെടുക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

താരനിശ

*148 [156] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് താരനിശ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) താരനിശയിൽനിന്നും സർക്കാരിന് ഇതിനകം എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) താരനിശ നിർത്തലാക്കിയതിനെത്തുടർന്ന് അവശകലാകാരൻമാർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ പുതിയ വരുമാനമാർഗ്ഗം കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ അതിന്റെ പൂർണ്ണരൂപം വ്യക്തമാക്കാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണത്തോടനുബന്ധിച്ച് നടത്തിവന്നിരുന്ന അവാർഡ്നൈറ്റ് പരിപാടി നിർത്തിവച്ചിട്ടില്ല. വിപുലമായി നടത്തിവന്നിരുന്ന പരിപാടികൾ ലളിതമാക്കി എന്നേയുള്ളു. ഗവൺമെന്റിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വീകരിച്ച ചെലവുചുരുക്കൽ നയത്തിന്റെ ഭാഗമായും, പൊതുജനാഭിപ്രായത്തെ മാനിച്ചും ആണ് ഈ മാറ്റം വരുത്തിയത്.

(ബി) 1973 മുതൽ 1978 വരെ നടത്തിയ അവാർഡ് നൈറ്റ് പരിപാടിയിൽനിന്ന് മൊത്തം 32,66,786 രൂപ (മുപ്പത്തിരണ്ടു ലക്ഷത്തി അറുപത്തിയാറായിരത്തി എഴുനൂറ്റി എൺപത്തിയാറ് രൂപ).

(സി) നടപ്പുവർഷം ഇതിലേക്കായി ഒരു ലക്ഷം രൂപ ബഡ്ജറ്റിൽ തന്നെ കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ

*149 [159] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ തുറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഗണനയിലിരിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ, ബി) പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ തുറക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരുന്നതേയുള്ളു. താമസിയാതെ ഇതേപ്പറ്റി ഒരു തീരുമാനം എടുക്കുന്നതായിരിക്കും.

ചെലവ് ചുരുക്കൽ

*150 [161] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ഭരണകാര്യങ്ങൾക്ക് ചെലവു ചുരുക്കാൻ എന്തെല്ലാം നടപടികൾ ഈ വർഷം സ്വീകരിച്ചു;

(ബി) അതുമൂലം ഈ വർഷം ഇന്നുവരെ ലാഭിക്കാൻ കഴിഞ്ഞ സംഖ്യ എത്രയാണ്;

(സി) ഉദ്യോഗസ്ഥൻമാരുടെ യാത്രകൾ 50 ശതമാനം വെട്ടിക്കുറയ്ക്കണമെന്ന് കർശന നിർദ്ദേശം കൊടുക്കാമോ;

(ഡി) ഇല്ലെങ്കിൽ സ്റ്റേറ്റ്, റീജിയണൽ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഇന്ന് നൽകുന്ന ടി. എ. അലോട്ട്മെന്റ് പകുതിയായി വെട്ടിക്കുറയ്ക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly